# പതിമൂന്നാം കേരളനിയമസഭ
## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 730** **12/12/2012 ൽ മറുപടിക്ക്**

**സംസ്ഥാന മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ**

**ചോദ്യം**
ശ്രീ. വി.എസ്. സുനിൽ കുമാർ
ശ്രീമതി ഇ.എസ്. ബിജിമോൾ
ശ്രീ. ഇ.കെ. വിജയൻ
ശ്രീ. കെ. അജിത്

**മറുപടി**
ശ്രീ. വി.എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | സംസ്ഥാന മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് വിശദമാക്കുമോ ; | (എ) | സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾക്കാവശ്യമായ മരുന്നുകളും ശസ്ത്രക്രിയാ ഉപകരണങ്ങളും ഉൾപ്പെടെ 939 ഇനം മരുന്നുകളും റേറ്റ് കോൺട്രാക്ടുള്ള 225 ഇനം ആശുപത്രി ഉപകരണങ്ങളും സംസ്ഥാന ആരോഗ്യ വകുപ്പിന്റേയും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന്റേയും ഇൻഡന്റ് പ്രകാരം കോർപ്പറേഷൻ മുഖേന സംഭരിച്ച് വിതരണം ചെയ്തു വരുന്നു. കൂടാതെ ആശാ കിറ്റിലേക്ക് ആവശ്യമായ മരുന്നുകൾ, ജീവിത ശൈലി രോഗങ്ങൾക്കുള്ള മരുന്നുകൾ, മാസ് ഡ്രഗ് അഡ്മിനിസ്ട്രേഷൻ പ്രോഗ്രാം, ദേശീയ വെക്റ്റർ ബോൺ ഡിസീസ് കൺട്രോൾ പ്രോഗ്രാം, ജനനിശിശു സുരക്ഷാ കാര്യക്രം തുടങ്ങി സർക്കാർ തലത്തിലുള്ള വിവിധ പ്രോജക്ടുകൾക്കാവശ്യമായ മരുന്നുകളും മരുന്നുൽപ്പന്നങ്ങളും കോർപ്പറേഷൻ മുഖേന സംഭരിച്ച് വിതരണം ചെയ്തു വരുന്നു. കൂടാതെ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ മുഖേന സാധാരണക്കാർക്ക് ആവശ്യമായ മരുന്നുകൾ പൊതുവിപണിയിലെ വിലയേക്കാൾ 20-90 ശതമാനം വിലക്കുറവിൽ നൽകി വരുന്നു. സർക്കാർ ആശുപത്രികളിൽ ഉപയോഗിക്കുന്ന ഉപകരണങ്ങളുടെ |

| | | | |
|---|---|---|---|
| | | | മെയിന്റനൻസും സർവ്വീസും ഇപ്പോൾ കോർപ്പറേഷൻ മുഖേനയാണ് ചെയ്തു വരുന്നത്. സംസ്ഥാനത്തെ തിരുവനന്തപുരം, ആലപ്പുഴ എന്നീ രണ്ട് ജില്ലകളിൽ '108' ആംബുലൻസിന്റെ സേവനത്തിന്റെ നടത്തിപ്പും കോർപ്പറേഷന്റെ മേൽനോട്ടത്തിലാണ്. |
| (ബി) | സംസ്ഥാനത്ത് ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിന്റെ പ്രവർത്തനം തൃപ്തികരമല്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഈ വിഭാഗത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വെളിപ്പെടുത്താമോ ; | (ബി) | ഇല്ല. നിർദ്ദേശങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | ഡ്രഗ്സ് കൺട്രോൾ ലാബുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടോ, ഉണ്ടെങ്കിൽ എവിടെയെല്ലാം, സ്റ്റാഫുകളുടെ കുറവ്, വാഹന സൌകര്യം ഇല്ലായ്മ തുടങ്ങിയ കാര്യങ്ങൾ ഇത്തരം ലാബുകളുടെ പ്രവർത്തനത്തെ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ? | (സി) | ഉണ്ട്. തിരുവനന്തപുരത്ത് ഒരു ഡ്രഗ്സ് കൺട്രോൾ ലബോറട്ടറി പ്രവർത്തിക്കുന്നുണ്ട്. അനലിസ്റ്റുമാരുടെ കുറവ് പരിഹരിക്കുവാൻ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ